# കേരള നിയമസഭ

# 25.06.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂൺ 25, തിങ്കൾ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| മുഖ്യമന്ത്രി |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |

<u>കണ്ണൂർ വിമാനത്താവളം</u>

*301 ശ്രീ. ജെയിംസ് മാത്യു
,, കോടിയേരി ബാലകൃഷ്ണൻ
,, ഇ. പി. ജയരാജൻ
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ എയർപോർട്ടിനുവേണ്ടി സിയാൽ തയ്യാറാക്കിയ പദ്ധതി രൂപരേഖ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഇതനുസരിച്ച് പദ്ധതിക്കായി ഇനിയും ഭൂമി അക്വയർ ചെയ്യേണ്ടതുണ്ടോ; മുൻസർക്കാരിന്റെ കാലത്ത് ഏറ്റെടുത്ത മുഴുവൻ ഭൂമിയും എയർപോർട്ട് കമ്പനിക്ക് ഇപ്പോഴും കൈമാറാത്തത് എന്തുകൊണ്ടാണ്; ഇതിനകം കൈമാറിയതെത്ര;

(സി) ലാന്റ് അക്വിസിഷനു വേണ്ടി മൊത്തം എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നു; ഇതിന് മാത്രമായി ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ

## 25.06.2012-ലെ മറുപടിക്ക്

(ഡി) എയർപോർട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് ഏതെല്ലാം വർക്കുകൾ ഇനിയും ടെൻഡർ ചെയ്യുകയുണ്ടായി; ഏതെല്ലാം വർക്കുകൾ ടെൻഡർ ചെയ്യേണ്ടതായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ രാത്രി കാലഡ്യൂട്ടി

*302 ശ്രീ. കോവൂർ കുഞ്ഞുമോൻ
,, എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം സംസ്ഥാനത്തെ എത്ര പോലീസ് സ്റ്റേഷനുകളിലാണ് ഉദ്യോഗസ്ഥരുടെ പ്രവൃത്തി സമയം എട്ട് മണിക്കൂറായി നിജപ്പെടുത്തിയിട്ടുള്ളത് ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് രാത്രികാല ഡ്യൂട്ടി ഒഴിവാക്കി ഉത്തരവായിട്ടുള്ളത് സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഇത് കർശനമായി നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>പെട്രോളിന്റെയും നിർമ്മാണ വസ്തുക്കളുടേയും വില വർദ്ധന</u>

*303 ശ്രീ. കെ. രാധാകൃഷ്ണൻ
,, സാജു പോൾ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെട്രോൾ, നിർമ്മാണ വസ്തുക്കൾ, സാമഗ്രികൾ എന്നിവയുടെ വിലയും കൂലി ചെലവും ക്രമാതീതമായി വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ സർക്കാരിന്റെ ഈ വർഷത്തെ ചെലവിലുണ്ടാകുന്ന വർദ്ധന എത്ര ശതമാനം ആയിരിക്കും; വിശദമാക്കാമോ;

(ബി) വില വർദ്ധന സംസ്ഥാനത്തിന്റെ പദ്ധതി പ്രവർത്തനങ്ങളെ ബാധിക്കുമോ; പദ്ധതി ചെലവിൽ എത്ര ശതമാനം വർദ്ധന പ്രതീക്ഷിക്കുന്നു?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>സദാചാര പോലീസ്</u>

*304 ശ്രീമതി ഗീതാ ഗോപി
ശ്രീ. വി. എസ്. സുനിൽകുമാർ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സദാചാര പോലീസ് പ്രവർത്തിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഈ പോലീസിന്റെ ചുമതലകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സദാചാര പോലീസിന്റെ അതിക്രമങ്ങൾ എവിടെയെല്ലാമാണ് ഉണ്ടായത്: അതിക്രമങ്ങളിൽ എത്ര പേർ മരണപ്പെട്ടുവെന്ന് വ്യക്തമാക്കാമോ ;

(സി) ഈ അതിക്രമങ്ങൾ തടയുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>മൊബൈൽ ഫോൺ മോഷണം</u>

*305 ശ്രീ. എം. ഉമ്മർ
,, എം. പി. അബ്ദുസ്സമദ് സമദാനി
,, എൻ. ഷംസുദ്ദീൻ
,, സി. മമ്മുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൊബൈൽ ഫോണുകളുടെ മോഷണം വർദ്ധിച്ചുവരുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കുറഞ്ഞ വിലയ്ക്ക് മൊബൈൽ സെറ്റും ഫ്രീയായി സിം കാർഡും കിട്ടുന്നതിനാൽ ഫോൺ സെറ്റ് നഷ്ടപ്പെടുന്നവർ പരാതി നൽകാൻ തയ്യാറാകുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മോഷണം സംബന്ധിച്ച അന്വേഷണം നടക്കാത്തതിനാൽ ഇത്തരം സെറ്റുകൾ ഏതെല്ലാം വിധത്തിൽ ദുരുപയോഗം ചെയ്യപ്പെടുന്നുവെന്ന് കണ്ടെത്താറില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരത്തിൽ മോഷ്ടിക്കപ്പെടുന്ന സെറ്റുകൾ തീവ്രവാദ പ്രവർത്തനമുൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾക്ക് ഉപയോഗിക്കപ്പെടാമെന്നതിനാൽ ഈ വിഷയത്തിൽ സമഗ്ര അന്വേഷണം നടത്തുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള നിവേദക സംഘം കേന്ദ്ര സർക്കാരിന് സമർപ്പിച്ചതും അനുമതി ലഭിച്ചതുമായ പദ്ധതികൾ</u>

*306 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള നിവേദക സംഘം കേന്ദ്രസർക്കാരിന് സമർപ്പിച്ചതും അനുമതി ലഭിച്ചതുമായ പദ്ധതികളുടെ നടത്തിപ്പിന് മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കേന്ദ്രം അംഗീകരിച്ച പദ്ധതികളിന്മേൽ നിർമ്മാണപ്രവർത്തനങ്ങൾക്ക് തുടക്കം കുറിയ്ക്കാൻ സാധിച്ചത് ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

അശാസ്ത്രീയ മത്സ്യബന്ധനം

*307 ശ്രീ. സി. കെ. സദാശിവന്
,, പി. കെ. ഗുരുദാസന്
,, കെ. വി. അബ്ദുള് ഖാദര്
ഡോ. കെ. ടി. ജലീല്

താഴെ കാണുന്ന ചോദ്യങ്ങള്ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്കുമോ:

(എ) കേരള കടല്ത്തീരത്തെ അശാസ്ത്രീയമായ മത്സ്യബന്ധനം മൂലം മത്സ്യസമ്പത്തില് ശോഷണം സംഭവിച്ചുകൊണ്ടിരിക്കുന്ന ഇപ്പോഴത്തെ സ്ഥിതിവിശേഷം ശ്രദ്ധയില്പ്പെട്ടിട്ടുണ്ടോ;

(ബി) മത്സ്യത്തൊഴിലാളി സമൂഹത്തെ ഏതെല്ലാം നിലയില് ഇത് ബാധിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) എങ്കില് മത്സ്യ സമ്പത്ത് സംരക്ഷിക്കുന്നതിനും വര്ദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികള് സ്വീകരിക്കുമോ?

(ഡി) കടല് മത്സ്യബന്ധന രംഗത്ത് കേന്ദ്രസര്ക്കാര് സ്വീകരിച്ചു പോരുന്ന നയസമീപനങ്ങള് തിരുത്തപ്പെടേണ്ടതാണെന്ന് സംസ്ഥാന സര്ക്കാര് കരുതുന്നുണ്ടോ; എങ്കില് മത്സ്യസമ്പത്തിന്റെ ശോഷണത്തിനിടയാക്കുന്ന നയങ്ങളില് നിന്നും കേന്ദ്ര സര്ക്കാരിനെ പിന്തിരിപ്പിക്കാന് സമ്മര്ദ്ദം ചെലുത്തുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>സ്ത്രീകളുടെ സുരക്ഷയ്ക്ക് പുതിയ നിയമം</u>

*308 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വി. ഡി. സതീശൻ
,, ഹൈബി ഈഡൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നത്; ഇതിനായി പുതിയ നിയമം കൊണ്ടുവരുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) നിയമത്തിൽ ഉൾപ്പെടുത്തേണ്ട വ്യവസ്ഥകൾ വനിതാ സംഘടനകളുമായി ചർച്ച ചെയ്യുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>പ്രത്യേക സാമ്പത്തിക പാക്കേജ്</u>

*309 പ്രൊഫ. സി. രവീന്ദ്രനാഥ്
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. ആർ. രാജേഷ്
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് പതിനൊന്നായിരം കോടി രൂപയുടെ പ്രത്യേക സാമ്പത്തിക പാക്കേജ് അനുവദിക്കണമെന്ന ആവശ്യം കേന്ദ്ര ധനമന്ത്രാലയം അംഗീകരിച്ചിട്ടുണ്ടോ ;

(ബി) കേരള സർക്കാർ നൽകിയ നിവേദനത്തിലെ ഈ ആവശ്യത്തോട് പ്രധാനമന്ത്രിയുടെ പ്രതികരണം എന്തായിരുന്നു; മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള നിവേദക സംഘത്തിന് ലഭിച്ച ഉറപ്പുകൾ എന്തൊക്കെയായിരുന്നു ;

(സി) ഉറപ്പുകളുടെ അടിസ്ഥാനത്തിൽ ഇതിനകം എത്ര കോടി രൂപ ഏതെല്ലാം പ്രത്യേക പാക്കേജുകളിലായി സംസ്ഥാനത്തിന് മാത്രമായി അനുവദിക്കുകയുണ്ടായി ;

(ഡി) ഏതെല്ലാം ആവശ്യങ്ങൾക്ക് എത്ര കോടി രൂപ വീതം അനുവദിക്കണമെന്നായിരുന്നു കേരളം ആവശ്യപ്പെട്ടിരുന്നത് ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>കടലാക്രമണം</u>

ഠ*310 ശ്രീ. എസ്. ശർമ്മ
,, സി. കെ. സദാശിവൻ
,, പി. ശ്രീരാമകൃഷ്ണൻ
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശമേഖലയിലാകെ കടലാക്രമണം രൂക്ഷമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മത്സ്യത്തൊഴിലാളികളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ എന്തൊക്കെ മുൻകരുതൽ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വീടും മത്സ്യബന്ധനോപകരണങ്ങളും മറ്റ് സ്വത്തുക്കളും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാനും അവർക്ക് നഷ്ടപരിഹാരം നൽകാനും എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>യുവ മാനേജ്മെന്റ് വിദഗ്ദ്ധരുടെ സേവനം</u>

*311 ശ്രീ. വി. ഡി. സതീശൻ
,, കെ. അച്ചുതൻ
,, എം. പി. വിൻസെന്റ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവാക്കളുടെ കഴിവുകൾ ഭരണ നിർവ്വഹണത്തിൽ പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി മാനേജ്മെന്റ് വിദഗ്ദ്ധരെ മന്ത്രിമാരോടൊപ്പം നിയമിക്കുന്നകാര്യത്തെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എത്ര വർഷത്തേയ്ക്കാണ് നിയമനമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

വംശനാശം നേരിടുന്ന ഉൾനാടൻ മത്സ്യങ്ങൾ

*312

ശ്രീ. സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യങ്ങൾക്ക് വംശനാശം വന്നുകൊണ്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വംശനാശ ഭീഷണിയിൽ നിന്നും ഇവയെ സംരക്ഷിക്കുവാൻ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

സംസ്ഥാന വിവരാവകാശ കമ്മീഷൻ

*313 ശ്രീ. റ്റി.എ. അഹമ്മദ് കബീർ
,, വി.എം. ഉമ്മർ മാസ്റ്റർ
,, സി. മോയിൻ കുട്ടി
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിവരാവകാശ കമ്മീഷന്റെ പ്രവർത്തനത്തെ സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ചില സംഘടനകളുടെ ആഭിമുഖ്യത്തിൽ പ്രതിഷേധ നടപടികൾ ഉണ്ടായ കാര്യം അറിയാമോ;

(സി) കമ്മീഷന്റെ പ്രവർത്തനം, നിയമത്തിൽ വിഭാവനം ചെയ്തിട്ടുള്ള പ്രകാരം ഫലപ്രദമാകാത്തതിനുള്ള കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ പരിഹാര നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് പറയാമോ;

(ഡി) കമ്മീഷന്റെ നിയമാനുസൃത ഉത്തരവുകൾ നടപ്പാക്കാത്ത അവസ്ഥയുണ്ടായാൽ അവ പരിഹരിക്കുവാൻ എന്തൊക്കെ നിയമനടപടികളാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>ജനസൗഹൃദ പോലീസ്</u>

*314 ശ്രീ. പാലോട് രവി
,, എം. എ. വാഹിദ്
,, കെ. ശിവദാസൻ നായർ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനസൗഹൃദ പോലീസ് എന്ന ലക്ഷ്യം കൈവരിക്കുവാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ;

(ബി) ഇതിനായി ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തികൊണ്ട് പോലീസിന്റെ കാര്യക്ഷമതയും ജനസേവന സംവിധാനവും മെച്ചപ്പെടുത്താനായി വിപുലമായ ഒരു പദ്ധതിയ്ക്ക് രൂപം നൽകുന്ന കാര്യം പരിഗണിക്കുമോ ;

(സി) പോലീസ് ഉദ്യോഗസ്ഥർക്ക് കാര്യക്ഷമമായി പ്രതികരിക്കാൻ കഴിയുന്ന വിധത്തിൽ ഡേറ്റാബേസ് തയ്യാറാക്കുന്ന സംവിധാനം പദ്ധതിയിൽ ഉൾപ്പെടുത്തുമോ ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട് ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

വല്ലാർപാടം കണ്ടെയ്നർ ടെർമിനലും കബോട്ടാഷ് നിയമവും

*315 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ
,, വി. ഡി. സതീശൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

(ബി) പ്രസ്തുത നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(സി) ടെർമിനലിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കാത്തത് കബോട്ടാഷ് നിയമം ഭേദഗതി ചെയ്യാത്തത് കൊണ്ടാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കബോട്ടാഷ് നിയമം ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുമോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>ഉൾനാടൻ മത്സ്യസമ്പത്ത്</u>

*316

ശ്രീ. മാത്യു. റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ ജലാശയങ്ങളിൽ അന്യസംസ്ഥാന സംഘങ്ങൾ രാസപദാർത്ഥങ്ങൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) അനിയന്ത്രിതമായ ചൂഷണവും പരിസ്ഥിതി മാറ്റവും മൂലം നാടൻ മത്സ്യസമ്പത്ത് കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കുവാനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട്</u>

*317 ശ്രീ. എ. കെ. ബാലൻ
,, എം. എ. ബേബി
ഡോ. കെ. ടി. ജലീൽ
ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കപ്പെട്ട മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കേരളത്തിലെ ഏതെല്ലാം താലൂക്കുകളെ പരിസ്ഥിതി ലോല പ്രദേശങ്ങളുടെ ഒന്നും രണ്ടും സോണുകളിൽ ഉൾപ്പെടുത്തുന്നതിനായി കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ടെന്നറിയാമോ;

(സി) കേരളത്തിന്റെ പൊതുവികസനവുമായി ബന്ധപ്പെട്ട ഏതെല്ലാം മേഖലകളിൽ ഏതെല്ലാം നിലയിലുള്ള തടസ്സങ്ങൾ ഉണ്ടാക്കുന്നതാണ് പ്രസ്തുത റിപ്പോർട്ട് എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ ഏറെയും പരിസ്ഥിതി മൗലികവാദപരവും വികസന വിരുദ്ധവുമാണെന്ന ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ശുപാർശകൾ കേന്ദ്ര ഗവൺമെന്റ് പഠിച്ചുവരുന്ന ഘട്ടത്തിൽ തന്നെ, കേരളത്തെ എങ്ങിനെയൊക്കെ ബാധിക്കുമെന്ന് പരിശോധിക്കാനും ഒബ്ജക്ഷനുകൾ ഉന്നയിക്കാനും സർക്കാർ തയ്യാറാകുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>സദാചാര പോലീസ് മർദ്ദനം</u>

*318 ശ്രീ. കെ. കെ. നാരായണൻ
,, കോടിയേരി ബാലകൃഷ്ണൻ
,, ജി. സുധാകരൻ
,, സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സദാചാര പോലീസ് വ്യാപകമായിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സദാചാര പോലീസിനു പിന്നിൽ മതമൗലികവാദികളാണെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ നിരീക്ഷിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സദാചാരത്തിന്റെ പേരിൽ നിക്ഷിപ്ത താല്പര്യങ്ങൾ നടപ്പാക്കുന്നവർക്കെതിരെ എന്ത് നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു;

(ഡി) സദാചാര പോലീസുകാരുടെ മർദ്ദനത്തിൽ സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷത്തിനുളളിൽ എത്രപേർ മരണപ്പെട്ടിട്ടുണ്ട് ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

മത്സ്യബന്ധന വകുപ്പിലെ പട്രോൾ ബോട്ടുകളും സുരക്ഷാ കിറ്റുകളും

*319 ശ്രീ. എം.വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
'' പി.സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിന് കീഴിൽ എത്ര പട്രോൾ ബോട്ടുകൾ ഉണ്ട്; ഇതിൽ എത്രയെണ്ണം പ്രവർത്തന സജ്ജമാണ്;

(ബി) മത്സ്യബന്ധനയാന ഉടമകൾക്ക് ഏതെല്ലാം പദ്ധതി പ്രകാരം കടൽ സുരക്ഷാ കിറ്റുകൾ വിതരണം ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കടൽ സുരക്ഷാ കിറ്റുകൾ ഏറ്റവും ഒടുവിൽ എന്നാണ് വിതരണം ചെയ്തത് എന്ന് വ്യക്തമാക്കുമോ;

(ഡി) മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെയും യാനങ്ങളെയും രക്ഷപെടുത്തുന്നതിന് മറൈൻ എൻഫോസ്മെന്റ് വിഭാഗത്തിന് അത്യാധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ ഏജൻസി</u>

*320 ശ്രീ. പുരുഷൻ കടലുണ്ടി
,, എ. പ്രദീപ് കുമാർ
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്രമസമാധാനം പരിപാലിക്കുന്നതിൽ വീഴ്ചകൾ സംഭവിച്ചിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ;

(ബി) സി.ബി.ഐ. മാതൃകയിൽ സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ ഏജൻസി ഏർപ്പെടുത്തണമെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇതിനായി പ്രത്യേക നിയമനിർമ്മാണം നടത്താനുദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>മദ്യത്തിന്റെ വിലവര്‍ദ്ധനവ്</u>

*321 ശ്രീ. ബാബു എം. പാലിശ്ശേരി
,, പി. കെ. ഗുരുദാസന്‍
,, വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മദ്യോല്പാദന കമ്പനികള്‍ മദ്യത്തിന്റെ വില കൂട്ടണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കില്‍ പ്രസ്തുത ആവശ്യം സര്‍ക്കാര്‍ പരിഗണിക്കാനുദ്ദേശിക്കുന്നുണ്ടോ ; വില എത്ര ശതമാനമായി വര്‍ദ്ധിപ്പിക്കണമെന്നാണാവശ്യപ്പെട്ടത് ; ഈ ആവശ്യവുമായി കമ്പനി പ്രതിനിധികള്‍ മന്ത്രിയെ കാണുകയുണ്ടായോ ;

(സി) ബീവറേജസ് കോര്‍പ്പറേഷന്‍ ഏതെല്ലാം കമ്പനികളുടെ മദ്യമാണ് വാങ്ങുന്നത് ;

(ഡി) മദ്യവില കൂട്ടാതിരിക്കുന്നതുമൂലം എന്തെങ്കിലും ബുദ്ധിമുട്ട് ഉള്ളതായി കരുതുന്നുണ്ടോ ; എങ്കില്‍ വിശദമാക്കാമോ ;

(ഇ) പ്രതിമാസം കേരളത്തില്‍ വിറ്റഴിക്കുന്ന മദ്യത്തിന്റെ കണക്കുകള്‍ വെളിപ്പെടുത്താമോ ;

(എഫ്) മദ്യോപഭോഗം കുറച്ചുകൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>തീവ്രവാദ കേസുകളുടെ തുടരന്വേഷണം</u>

*322 ശ്രീ. എ. പ്രദീപ്കുമാർ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീവ്രവാദ കേസുകളുടെ അന്വേഷണത്തിനും നിരീക്ഷണത്തിനും കേരള പോലീസിൽ രൂപീകരിച്ച പ്രത്യേക സംഘത്തിന്റെ പ്രവർത്തനം ഇപ്പോൾ തുടരുന്നുണ്ടോ;

(ബി) പ്രസ്തുത സ്ക്വാഡ് അന്വേഷിച്ചുവന്നിരുന്ന തീവ്രവാദ കേസുകൾ ഏതൊക്കെയായിരുന്നു; ഇവയുടെ തുടർഅന്വേഷണങ്ങൾ നടത്തുമോ; സ്ക്വാഡിന്റെ ചുമതല ഉണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥരെ തൽസ്ഥാനങ്ങളിൽ നിന്ന് സ്ഥലം മാറ്റിയിട്ടുണ്ടോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>നദികളെകുറിച്ചുള്ള പഠനറിപ്പോർട്ട്</u>

*323 ശ്രീ. എ. റ്റി. ജോർജ്
,, കെ. മുരളീധരൻ
,, സണ്ണി ജോസഫ്
,, വി.റ്റി.ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളിലെ വെളളത്തിന്റെ ഗുണനിലവാരത്തെപ്പറ്റി സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ പഠനം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പഠന റിപ്പോർട്ടിലെ വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഏതെല്ലാം നദികളെക്കുറിച്ചാണ് പഠനം നടത്തിയിട്ടുളളതെന്ന് പറയാമോ;

(ഡി) നദീതടങ്ങളിലെ ഭൂഗർഭ ജലത്തിന്റെ ഗുണനിലവാരം പരിശോധിച്ചിട്ടുണ്ടോ;

(ഇ) പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>നഗര സുരക്ഷാ പരിപാടി</u>

*324 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസിന്റെ സഹായത്തോടെ നഗരസുരക്ഷാ പരിപാടി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം ഏജൻസികളെയാണ് പങ്കാളികളാക്കാനുദ്ദേശിക്കുന്നത്;

(സി) ആദ്യ ഘട്ടത്തിൽ ഏതെല്ലാം നഗരങ്ങളിലാണ് ഇത് നടപ്പാക്കുന്നത്;

(ഡി) സംസ്ഥാനത്തെ എല്ലാ നഗരങ്ങളിലും ഇതു വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>എയർപോർട്ട് കാർഗോ</u>

*325 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
,, എൻ. എ. നെല്ലിക്കുന്ന്
,, കെ. എം. ഷാജി
,, പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയർപോർട്ടുകൾ വഴി യാത്ര ചെയ്യുന്നവരുടെയും, അയയ്ക്കുന്ന കാർഗോയുടെയും സുരക്ഷയും സുഗമമായ നീക്കവും ഉറപ്പുവരുത്താൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) കാർഗോ കൈകാര്യം ചെയ്യുന്ന വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ലെന്നതു സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോയെന്നു വെളിപ്പെടുത്തുമോ ;

(സി) കാർഗോയിൽ വരുന്ന ബാഗേജുകൾ പൊളിച്ചും പായ്ക്കിംഗ് കീറിയും സാധനങ്ങൾ മോഷ്ടിക്കുന്ന സംഘം ജീവനക്കാർക്കിടയിൽ ഉണ്ടെന്ന വസ്തുത റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) മോഷ്ടിച്ച വസ്തുക്കൾ മതിലിനു പുറത്തേയ്ക്കെറിഞ്ഞു കൊടുത്തു കടത്തുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>പോലീസ് പരാതി അതോറിറ്റി</u>

*326 ശ്രീ. പി. സി. ജോര്‍ജ്
ഡോ. എന്‍. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ്കുമാര്‍
'' റോഷി അഗസ്റ്റിന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പോലീസ് പരാതി അതോറിറ്റി ശക്തിപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) പോലീസ് പരാതി അതോറിറ്റിയുടെ ഘടന എപ്രകാരമാണ് ;

(സി) പ്രസ്തുത അതോറിറ്റിയുടെ ഫലപ്രദമായ പ്രവര്‍ത്തനം സാധ്യമാക്കുന്നതിന് മാതൃകാ ചട്ടങ്ങള്‍ രൂപീകരിച്ചുവോ ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

വിഴിഞ്ഞം കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് പദ്ധതി

*327 ശ്രീ. എം.എ. ബേബി
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, വി. ശിവൻകുട്ടി
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് പദ്ധതിയുടെ പ്രവർത്തനം മന്ദഗതിയിലായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(ബി) പദ്ധതിയുമായി ബന്ധപ്പെട്ട് ഏതെല്ലാം പ്രവൃത്തികൾ സമയബന്ധിതമായി നടക്കുന്നു എന്ന് വ്യക്തമാക്കുമോ;

(സി) ഏറ്റവും ഒടുവിൽ പദ്ധതിയെ സംബന്ധിച്ച വിലയിരുത്തൽ സർക്കാർ തലത്തിൽ നടന്നതെപ്പോഴാണ്; വിശദമാക്കുമോ;

(ഡി) മുൻവർഷവും നടപ്പുവർഷവും ബഡ്ജറ്റിൽ പദ്ധതിക്കായി വകയിരുത്തപ്പെട്ട തുകകളിൽ എന്ത് തുക ഇതിനകം ചെലവഴിക്കുകയുണ്ടായി; മൊത്തം പദ്ധതി ചെലവ് എത്രയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

നദീ സംയോജനം

*328 ശ്രീ. ചിറ്റയം ഗോപകുമാർ
,, മുല്ലക്കര രത്നാകരൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നദീസംയോജനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ പമ്പ –
അച്ചൻകോവിൽ നദികളെ തമിഴ്നാട്ടിലെ വൈപ്പാറുമായി സംയോജിപ്പിക്കാനുള്ള നീക്കമുണ്ടോയെന്ന് പറയുമോ;

(ബി) എങ്കിൽ ഇതുമൂലമുണ്ടാകുന്ന പാരിസ്ഥിതിക തകർച്ചയെ
ക്കുറിച്ചും സാമൂഹ്യ സാമ്പത്തിക പ്രതിസന്ധികളെക്കുറിച്ചും വിലയിരുത്തിട്ടുണ്ടോ;

(സി) നദികളുടെ സ്വാഭാവിക പ്രവാഹത്തെ തടസ്സപ്പെടുത്തി വഴിതിരിച്ചു വിടാൻ ഇടയാക്കുന്ന പ്രസ്തുത നദീ സംയോജന പദ്ധതി പ്രാവർത്തികമാക്കുന്നതിനെക്കുറിച്ചുള്ള അഭിപ്രായം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

ബയോഡൈവേഴ്സിറ്റി ക്ലബ്ബുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

*329 ശ്രീ. റ്റി. എൻ. പ്രതാപൻ
,, പി. സി. വിഷ്ണുനാഥ്
,, പി. എ. മാധവൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബയോഡൈവേഴ്സിറ്റി ക്ലബ്ബുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാ മാണ് ;

(ബി) പ്രസ്തുത ക്ലബ്ബുകൾ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്ന തെന്ന് പറയാമോ;

(സി) ക്ലബ്ബുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>പി.എസ്.സി യിലെ കാൾ സെന്റർ</u>

*330 ശ്രീ. ഷാഫി പറമ്പിൽ
,, തേറമ്പിൽ രാമകൃഷ്ണൻ
,, എം.എ വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി യിലെ കാൾ സെന്ററുകളുടെ ഉദ്ദേശ്യലക്ഷ്യവും പ്രവർത്തന രീതികളും എന്തൊക്കെയാണ്;

(ബി) കാൾ സെന്ററുകൾ വഴി എന്തെല്ലാം സഹായങ്ങളാണ് ഉദ്യോഗാർത്ഥികൾക്ക് ലഭിക്കുന്നതെന്ന് പറയുമോ;

(സി) കോൾ സെന്ററുകളുടെ എല്ലാ ലൈനുകളും പ്രവർത്തന സജ്ജമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത കാൾ സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?